തിനുള്ള നിർദ്ദേശം വാട്ടർ അതോറിറ്റിക്ക് നൽകാമെന്ന തീരുമാനവും, പ്രതിനിധികൾ ആവശ്യപ്പെട്ട പ്രകാരം മീറ്റർ കേടായിരിക്കുന്ന ഉപഭോക്താക്കളിൽ നിന്നും തങ്ങൾ പ്രതിമാസം ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവ് അനുസരിച്ച് അവർ നൽകുന്ന സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഉപയോഗനിരക്ക് പുനർനിർണ്ണയം ചെയ്തു കൊടുക്കാമെന്നും ഉറപ്പു നൽകിയിരുന്നു. കേടായ വാട്ടർ മീറ്റർ ഉപഭോക്താവിന്റെ ചെലവിലാണ് മാറ്റി വെയ്ക്കേണ്ടത്.

(ബി)&(സി) മേൽപറഞ്ഞ തീരുമാനമനുസരിച്ച് ഉപഭോക്താക്കളുടെ കേടായ വാട്ടർ മീറ്ററുകൾ മുൻഗണനാടിസ്ഥാനത്തിൽ മാറ്റി വയ്ക്കുവാൻ കേരള വാട്ടർ അതോറിറ്റി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ പബ്ലിക് ഹെൽത്ത് ഡിവിഷന്റെ പരിധിയിൽ ലഭ്യമായ വാട്ടർ മീറ്ററുകൾ ഇപ്രകാരം മാറ്റിവച്ചു വരുന്നു. കുടുംബാംഗങ്ങളുടെ എണ്ണം അടിസ്ഥാനമാക്കി മാസം തോറുമുള്ള വാട്ടർ ചാർജ് നിശ്ചയിക്കുന്ന കാര്യം വാട്ടർ അതോറിറ്റി പരിശോധിച്ചു വരുന്നു.

(ഡി) ഇല്ല.

23 (189) റഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, മലപ്പുറം ജില്ലകളെ ബന്ധിപ്പിക്കുന്ന ചാലിയാർ പുഴയിൽ കവണക്കല്ലിൽ നിർമ്മിക്കുന്ന റഗുലേറ്റർ-കം-ബ്രിഡ്ജ് എന്നേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) റഗുലേറ്റർ-കം-ബ്രിഡ്ജ് പൂർത്തിയാകുന്നതോടെ വെള്ളം കെട്ടിനിന്ന് ഇപ്പോഴുള്ള കൃഷിഭൂമി കൃഷിയോഗ്യമല്ലാതായി മാറുന്നതിനെതിരെ എന്തെല്ലാം സംരക്ഷണ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അടുത്ത സാമ്പത്തിക വർഷത്തിൽ പ്രസ്തുത റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പണികൾ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഈ പദ്ധതിമൂലം സമീപ പ്രദേശങ്ങളിൽ വെള്ളം കയറുമെന്ന് വിഭാവനം ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ പദ്ധതി പൂർത്തീകരിക്കുമ്പോൾ ഏതെങ്കിലും പ്രദേശങ്ങളിൽ വെള്ളം കയറാൻ സാദ്ധ്യതയുള്ളതായി കണ്ടെത്തിയാൽ ഇപ്പോൾ അത് തടയുന്നതിനു അനുയോജ്യമായ സംരക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്.

24 (190) തോടിന്റെ വശങ്ങൾ കെട്ടി സംരക്ഷണം

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽപ്പെട്ട 'ചിറക്കരക്ഷേത്രം മുതൽ ഭജന മഠം' വരെയുള്ള തോടിന്റെ വശങ്ങൾ കെട്ടി സംരക്ഷിച്ച് ഗതാഗത യോഗ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 1998 ആഗസ്റ്റിൽ സമർപ്പിച്ച നിവേദനം സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly